**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 542**

**04.02.2020 ൽ മറുപടിക്ക്**

**എഫ്.ആർ.ബി.എൽ.ന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ടിന്റെയും രാഷ്ട്രീയ കെമിക്കൽ ആന്റ് ഫെർട്ടിലൈസേഴ്സിന്റെയും സംയുക്ത സംരംഭമായ അമ്പലമുകളിൽ പ്രവർത്തിക്കുന്ന എഫ്.എ.സി.ടി. ആർ.സി.എഫ്. ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് (എഫ്.ആർ.ബി.എൽ.) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) & (ബി) | എറണാകുളം ജില്ലയിൽ അമ്പലമുകളിൽ ഫാക്ടിന്റെയും രാഷ്ട്രീയ കെമിക്കൽ ആന്റ് ഫെർട്ടിലൈസേഴ്സിന്റെയും സംയുക്ത സംരംഭമാണ് എഫ്.എ.സി.ടി.-ആർ.സി.എഫ്. ഇതിന്റെ പ്ലാന്റും മെഷിനറിയും മുംബൈയിലെ M/s. NICB ബാങ്കിന് 2008 ൽ പണയപ്പെടുത്തിയിരിക്കുന്നു. തുക തിരിച്ചടക്കാത്തതിനാൽ ബാങ്ക് കോടതിയെ സമീപിച്ചിരുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. |
| (ബി) | സ്ഥാപനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**